കൊച്ചി മെട്രോ റെയിൽ പദ്ധതി

78 (141) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) ഈ പദ്ധതിക്കുള്ള അനുമതി എന്നത്തേക്ക് ലഭ്യമാക്കുമെന്നാണ് ഇപ്പോൾ കരുതുന്നത് ;

(സി) ഈ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് ;

(ഡി) പ്രാഥമിക പ്രവർത്തനങ്ങളുടെ ഭാഗമായി എന്തൊക്കെ പണികൾ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ഇതിനായി ഒരു കമ്പനി രൂപീകരിക്കുന്ന നടപടി ഏതുവരെയായി ;

(എഫ്) ഇപ്പോഴത്തെ സാഹചര്യമനുസരിച്ച് ഈ പദ്ധതിക്ക് എന്ന് അംഗീകാരം ലഭിക്കുമെന്നും ഇതിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാകുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല., കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് അനുമതി നേടിയെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും നേരിട്ട് ഇക്കാര്യത്തിൽ കേന്ദ്ര നഗരവികസന/ധനകാര്യ മന്ത്രിമാർക്ക് കത്തുകൾ അയച്ച് കേന്ദ്രാനുമതി നേടുന്നതിന് ശ്രമം നടത്തി വരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം ഇക്കാര്യത്തിൽ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രാനുമതി എത്രയും വേഗം ലഭിക്കുമെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രതീക്ഷ.

(സി) 158.68 കോടി രൂപയാണ് പ്രാഥമിക പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിക്കുന്ന ചെലവ്. അതിൽ ആദ്യഘട്ടമായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രാഥമിക പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്ന അഞ്ച് പണികൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(1) എറണാകുളം ടൗൺ സ്റ്റേഷനടുത്തുള്ള റെയിൽ ഓവർ ബ്രിഡ്ജിന്റെ പുനർ നിർമ്മാണം.

(2) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുസമീപം പുതിയ റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവും സലിം രാജൻ റോഡിന്റെയും മുല്ലശ്ശേരി കനാൽ റോഡിന്റെയും നവീകരണവും.

(3) ജോസ് ജംഗ്ഷൻ മുതൽ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ വരെയുള്ള സ്റ്റേഷൻ അപ്പ്രോച്ച് റോഡിന്റെ വീതി കൂട്ടൽ.

(4) മാധവ ഫാർമസി മുതൽ തേവര വരെ എം.ജി. റോഡിന്റെ നവീകരണം.

(5) എറണാകുളം ടൗൺ റെയിൽവെ ഓവർ ബ്രിഡ്ജ് മുതൽ മാധവ ഫാർമസി വരെ ബാനർജി റോഡിന്റെ വീതികൂട്ടൽ.

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച ശേഷമേ തീരുമാനിക്കുവാൻ സാധിക്കുകയുള്ളു

(എഫ്) കേന്ദ്രാനുമതി ഉടൻ ലഭിക്കുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കു മുന്നോടിയായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പൊതുവിതരണ സമ്പ്രദായം

79 (145) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ ഓണം, റംസാൻ, ബക്രീദ് ആഘോഷകാലങ്ങളിൽ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(സി) ക്രിസ്തുമസ് കാലത്തെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;

(ഡി) പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly